**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1903** **20-01-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ശൂന്യവേതനാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . അബ്ദുൽ ഹമീദ് .പി . | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തോ സ്വദേശത്തോ മെച്ചപ്പെട്ട ജോലിയിൽ ഏർപ്പെടുന്നതിനോ വിദേശത്തുള്ള പങ്കാളിയോടൊപ്പം താമസിക്കുന്നതിനോ അനുവദിച്ചു വന്നിരുന്ന ശൂന്യവേതനാവധി പരമാവധി അഞ്ച് വർഷം മാത്രമായി ചുരുക്കിക്കൊണ്ടു 5.11.2020 ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. 05.11.2020-ലെ സ.ഉ.(അച്ചടി) നം 152/2020/ധന ഉത്തരവ്. |
| (ബി) | നിലവിൽ അഞ്ചു വർഷത്തിലധികമായി ശൂന്യവേതനാവധിയിൽ തുടരുന്ന ജീവനക്കാർക്ക് ഇതിനകം അനുവദിച്ച കാലയളവ് വരെ അവധിയിൽ തുടരുന്നതിനു അനുമതിയുണ്ടാകുമോ എന്നറിയിക്കുമോ; | (ബി) | 30.12.2020-ലെ സർക്കുലർ നം 83/2020/ധന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് 30.12.2020 ന് ഇറങ്ങിയ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രവാസികൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | സർക്കാർ അവധി അനുവദിക്കുമെന്ന പ്രതീക്ഷയിൽ അവധി നീട്ടാൻ വേണ്ടി കാത്തിരിക്കുന്ന പ്രവാസികളായ സർക്കാർ ജീവനക്കാർക്ക് പെട്ടെന്നുണ്ടായ തീരുമാനം പ്രയാസം ഉണ്ടാകുമെന്നതിനാൽ അർഹമായ കേസുകളിൽ ശൂന്യവേതനാവധി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | 30.12.2020-ലെ സർക്കുലർ നം 83/2020/ധന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ